# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 116 10/12/2012 ൽ മറുപടിക്ക്

**<u>കോഴിക്കോട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>**

| <u>ചോദ്യം:</u> | <u>ഉത്തരം:</u> |
|---|---|
| ശ്രീ. കെ.ദാസൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും നിയമനം ലഭിച്ചവർ ആരെല്ലാമെന്നും ഇവർ ഓരോരുത്തരുടേയും റാങ്ക് നമ്പർ ഏതെന്നും അഡ്വൈസ് നമ്പർ ഏതെന്നും വ്യക്തമാക്കിക്കൊണ്ട് നിയമനം ലഭിച്ചവരുടെ പേര് വിവരം സഹിതം പട്ടിക ലഭ്യമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമന പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) 2012 എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽ ഉൾപ്പെട്ട 19 പേർക്ക് പഞ്ചായത്ത് വകുപ്പിൽ അഡ്വൈസ് മെമ്മോ അയക്കുകയും അഡ്വൈസ് മെമ്മോ അയച്ചതിനുശേഷം പഞ്ചായത്തിൽ നിലവിൽ ഒഴിവില്ല എന്ന് കോഴിക്കോട് ഡി.ഡി.പി. ഓഫീസ് പി.എസ്.സി. ഓഫീസിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കാമോ; ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള തുടർ നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ; | (ബി) ഉണ്ട്. ഒഴിവുകൾ ഇല്ല എന്ന കാരണത്താൽ നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികളെ ത്രോൺ ഔട്ട് ആയി പരിഗണിച്ച് തുടർന്ന് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യാൻ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. |
| (സി) അഡ്വൈസ് ലഭിച്ചിട്ടും നിയമനം ലഭിക്കാതിരിയ്ക്കുകയും താഴെയുള്ള റാങ്കുകാർ മറ്റ് വകുപ്പുകളിലേക്ക് നിയമിക്കപ്പെടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഡ്വൈസ് ലഭിച്ച ശേഷം നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് പുനർ നിയമനം ലഭിക്കുമ്പോൾ ഇ.ഇ.എ. (ഏർലിയസ്റ്റ് ഇഫക്ടീവ് അഡ്വൈസ്) ആദ്യം ലഭിച്ച അഡ്വൈസ് സീനിയോറിറ്റി നൽകാറുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ